Santhigiri

ഉമ്മിണിതങ്കം

VOL 02 | ISSUE 48 | 2016 ഒക്ടോബർ 02 | 1192 കന്നി 16

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

"വിദ്യ അഭ്യസിക്കുമ്പോൾ അബദ്ധം വന്നുപോയാൽ അത് അപകടം വരുത്തിവയ്ക്കും. അതോടൊപ്പം രാജ്യത്തെ എന്നല്ല ഉലകത്തെത്തന്നെ മാറ്റിമറിക്കും."

# ശാന്തിഗിരിയിൽ സന്ന്യാസദീക്ഷ വാർഷികാഘോഷങ്ങൾക്ക് ഇന്ന് തുടക്കം

**സ്പിരിചൽ സോൺ:** ഗുരുവിന്റെ നവതി വർഷത്തിൽ മുപ്പത്തിരണ്ടാമത് സന്ന്യാസദീക്ഷാ വാർഷികം ഈ മാസം 11 ന് സമുചിതമായി ആഘോഷിക്കും. ഇതിനു മുന്നോടിയായുള്ള വ്രതാചരണം ഇന്നാരംഭിക്കും. പത്തു ദിവസത്തെ വ്രതാചരണത്തിന്റെ ഭാഗമായി പ്രത്യേക പ്രാർത്ഥനാസങ്കല്പങ്ങൾ ഉണ്ടായിരിക്കുന്നതാണ്. രാവിലെയും വൈകിട്ടും ആരാധനയ്ക്ക് ശേഷം സന്ന്യാസി സന്ന്യാസിനിമാരുടെയും ബ്രഹ്മചാരി ബ്രഹ്മചാരിണിമാരുടെ പ്രത്യേക പ്രാർത്ഥന നടക്കും. ഈ സമയം ആത്മബന്ധുക്കളും സന്ന്യാസിമാരുടെ രക്ഷകർത്താക്കളും ആരാധനാലയം വലംവച്ച് പ്രാർത്ഥിക്കുന്നതാണ്. രാവിലെയും വൈകിട്ടും ആരാധനയ്ക്ക് ശേഷം സന്ന്യാസസംഘത്തിന്റെ നേതൃത്വത്തിൽ പ്രാർത്ഥനാലയം വലംവച്ചുള്ള പ്രാർത്ഥനയും നടക്കും.

ഗുരുപാദസേവകരായി നിയുക്തരായ സന്ന്യാസിസന്ന്യാസിനിമാർക്കും ബ്രഹ്മചാരിബ്രഹ്മചാരിണിമാർക്കും ഭക്ഷണം വിളമ്പി നല്കാൻ അവസരമുണ്ട്. സ്പിരിചൽ സോൺ കോൺഫ്രൻസ് ഹാളിൽ വച്ച് രാവിലെയും ഉച്ചയ്ക്കും വൈകിട്ടും വിവിധ ഏരിയകളുടെ നേതൃത്വത്തിലാണ് ഭക്ഷണം വിളമ്പി നല്കുന്നത്. ഒക്ടോബർ രണ്ട് ഞായറാഴ്ച നെയ്യാറ്റിൻകര, തിരുവനന്തപുരം ടൗൺ, നെടുമങ്ങാട്, ആറ്റിങ്ങൽ എന്നീ ഏരിയകളും ഒക്ടോബർ മൂന്ന് തിങ്കളാഴ്ച എറണാകുളം, പള്ളുരുത്തി, മൂവാറ്റുപുഴ ഏരിയകളും ചൊവ്വാഴ്ച പത്തനംതിട്ട, കോട്ടയം, വൈക്കം, കല്ലാർ, കുമളി ഏരിയകളും ബുധനാഴ്ച ആലപ്പുഴ, ചേർത്തല, ഹരിപ്പാട് ഏരിയകളും വ്യാഴാഴ്ച കൊല്ലം, കരുനാഗപ്പള്ളി കൊട്ടാരക്കര ഏരിയകളും വെള്ളിയാഴ്ച തൃശൂർ, പാലക്കാട്, മലപ്പുറം ഏരിയകളും ശാന്തിഗിരി ഗുരുമഹിമയും ശനിയാഴ്ച കാസർകോട്, വയനാട്, തിരുവനന്തപുരം റൂറൽ (ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം) ഏരിയകളും ഞായറാഴ്ച കണ്ണൂർ, തലശേരി, കന്യാകുമാരി ഏരിയകളും ശാന്തിഗിരി ശാന്തിമഹിമയും ഒക്ടോബർ 10 തിങ്കളാഴ്ച കോഴിക്കോട്, കൊയിലാണ്ടി, വടകര ഏരിയകളും ഒക്ടോബർ 11 ചൊവ്വാഴ്ച കേരളത്തിനു പുറത്തുള്ള മൈസൂർ, ബാംഗളൂർ, ചെന്നൈ, കോയമ്പത്തൂർ, മധുര, ബോംബെ, ഡെൽഹി ഏരിയകളും ശാന്തിഗിരി രക്ഷാകർതൃസമിതിയുമാണ് സന്ന്യാസിമാർക്ക് ഭക്ഷണം വിളമ്പി നല്കുക.

പത്തുദിവസം നീണ്ടുനില്ക്കുന്ന സത്സംഗം എല്ലാ ദിവസവും വൈകുന്നേരം എട്ടുമണി മുതൽ ഗുരുവിന്റെ ഉദ്യാനത്തിലെ സ്റ്റേജിൽ വച്ച് നടക്കും. വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച പ്രമുഖർ ഓരോ ദിവസത്തെയും സത്സംഗങ്ങളിൽ പങ്കെടുക്കുന്നതാണ്. എല്ലാ ബ്രാഞ്ചാശ്രമങ്ങളിലും സന്ന്യാസദീക്ഷാ വാർഷികാഘോഷത്തിനു മുന്നോടിയായി പ്രത്യേക പ്രാർത്ഥനകളും നവതി സത്സംഗങ്ങളും നടക്കും.

സന്ന്യാസദീക്ഷാവാർഷികദിനത്തിൽ കുട്ടികളെ എഴുത്തിനിരുത്തുന്നതിനും അവസരമുണ്ടായിരിക്കും. ഇതിനായി മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഗുരുനിയോഗം ഏറ്റെടുത്തിരിക്കുന്ന സന്ന്യാസിസന്ന്യാസിനിമാരോടും ബ്രഹ്മചാരി ബ്രഹ്മചാരിണിമാരോടും പരമ്പരയുടെ കടമ നിർവഹിക്കാനുള്ള അവസരമാണ് ദീക്ഷാദിനം. ഈ ദിവസം ആശ്രമത്തിലെത്തി സന്ന്യാസസഭയ്ക്കു വേണ്ടിയുള്ള പ്രാർത്ഥനകളിൽ പങ്കെടുക്കുന്നതും അവർക്കാവശ്യമായ പുതിയ വസ്ത്രങ്ങളോ നിത്യോപയോഗ വസ്തുക്കളോ സമർപ്പിക്കുന്നതും ഉത്തമമാണ്.

## പ്രഭാഷണ പരമ്പര ഇന്നാരംഭിക്കും

**സ്പിരിചൽസോൺ:** ശാന്തിഗിരി ആശ്രമത്തിൽ സന്ന്യാസ ദീക്ഷാ വാർഷികാഘോഷങ്ങൾക്ക് ഇന്ന് തുടക്കമാവും. ഈ മാസം 11 ചൊവ്വാഴ്ച വിജയ ദശമി നാളിൽ സന്ന്യാസദീക്ഷാ വാർഷികം ആഘോഷിക്കും. ഇതിനോടനുബന്ധിച്ച് 10 ദിവസം നീണ്ടുനിൽക്കുന്ന പ്രഭാഷണ പരമ്പര- 'സന്ന്യാസത്തിന്റെ ധർമ്മം' എന്ന വിഷയത്തെ ആസ്പദമാക്കി സാമൂഹിക സാംസ്കാരിക ആധ്യാത്മിക മണ്ഡലങ്ങളിലെ പ്രമുഖർ സംസാരിക്കും. ഇന്ന് രാത്രി 8 ന് ശാന്തിഗിരി ആശ്രമം സ്പിരിചൽ സോണിൽ നടക്കുന്ന സമ്മേളനം ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഉദ്ഘാടനം നിർവഹിക്കും.

സ്വാമി സന്ദീപാനന്ദ ഗിരി, ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ, ഇമാം പാച്ചല്ലൂർ സലീം മൗലവി, പ്രഭാ വർമ്മ, സാഹിത്യ നിരൂപകൻ ഡോ. എം എം ബഷീർ, പ്രയാർ ഗോപാലകൃഷ്ണൻ, ഡോ. ജോർജ്ജ് ഓണക്കൂർ, ആലങ്കോട് ലീലാകൃഷ്ണൻ, ഡോ. ബി സീരപാണി, സിന്ദൂരം ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ സബീർ തിരുമല, ആർട്സ് ആന്റ് കൾച്ചർ സീനിയർ അഡൈ്വസർ ഡോ. ടി എസ് സോമനാഥൻ, ശാന്തിഗിരി ഹെൽത്ത് കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷൻ അഡൈ്വസർ ഡോ.കെ.എൻ ശ്യാംപ്രസാദ്, ഹ്യൂമൺ റിസോഴ്സ് മാനേജർ ഡോ. കെ ആർ എസ് നായർ തുടങ്ങിയവർ പങ്കെടുക്കും. ശാന്തിഗിരി ആശ്രമം പ്രസിഡന്റ് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി, ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ആർട്സ് ആന്റ് കൾച്ചർ അഡ്മിനിസ്ട്രേഷൻ ഹെഡ് സ്വാമി നിർമോഹാത്മാ ജ്ഞാനതപസ്വി എന്നിവർ പ്രഭാഷണ പരമ്പരയിൽ മഹനീയ സാന്നിധ്യമാകും.

സമാപന ദിനമായ 11 ന് നടക്കുന്ന പൊതുസമ്മേളനത്തിൽ രാഷ്ട്രീയ സാമൂഹിക സാംസ്കാരികരംഗത്തെ പ്രമുഖർ പങ്കെടുക്കുന്നതാണ്.

## ഇന്ന് മഹാത്മജിയുടെ 147 ാം ജന്മദിനം




## ആശ്രമം കലണ്ടർ നവംബർ 5 ന്

**ഹെൽത്ത്കെയർ സോൺ:** 2017 ലെ ആശ്രമം കലണ്ടറും ശാന്തിഗിരി ഡയറിയും സാംസ്കാരികദിനമായ നവംബർ 5 ന് പുറത്തിറക്കും. പണം മുൻകൂർ അടച്ച് ഡിപ്പാർട്ട്മെന്റുകൾക്കും ബ്രാഞ്ച് ആശ്രമങ്ങൾക്കും ഏരിയ ഓഫീസുകൾക്കും ഇവയ്ക്ക് ഓർഡർ നലകാവുന്നതാണ്.

ഓരോ ഡിപ്പാർട്ട്മെന്റിനും, ബ്രാഞ്ച് ആശ്രമത്തിനും ഏരിയാ ഓഫീസുകൾക്കും എത്ര ഡയറിയും കലണ്ടറും വേണം എന്ന വിവരം ഒക്ടോബർ 10 നു മുൻപ് കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റിനെ അറിയിക്കണം. ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പ്രവർത്തകർക്ക് ആശ്രമം പബ്ലിക്കേഷൻസ് കൗണ്ടറിലും പണം അടയ്ക്കാം.

## ശാന്തിഗിരി വാർഡ് ഗ്രാമസഭ ഇന്ന്

**റിസർച്ച് സോൺ:** ശാന്തിഗിരി വാർഡിന്റെ ഗ്രാമസഭ ഇന്ന് രാവിലെ 10.30 ന് ആശ്രമം കമ്യൂണിറ്റി ഡൈനിംഗ് ഹാളിൽ വച്ച് നടക്കും. യോഗത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റിന്റെയും വാർഷിക കർമ്മപദ്ധതിയുടെയും രൂപീകരണം നടക്കും.

ഗുരുചരണം ശരണം

മോഹനം
ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് &
കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320

## ഗുരുവാണി

ഞാനിത് പറയുന്നത്, സന്ന്യാസത്തിനല്ല ആശ്രമം. സന്ന്യാസത്തിന് ആശ്രമം വേണമെന്നേയില്ല. പിന്നെ വേണം, എന്തിനു വേണ്ടി? അവൻ സന്ന്യസിച്ച് ജീവിതം പൂർണമായും മതിയായെന്ന് കാണുമ്പോൾ – സന്ന്യസിച്ചിട്ടാണ്, അല്ലാതെ എവിടെയെങ്കിലും തെണ്ടി നടന്ന കാര്യം പറയുകയല്ല – അവനുവേണ്ടി ഒരു ആശ്രമവും അതിന്റെ സഹായവും വേണം. അതുപോലെ "സാധുക്കൾ ഇല്ലാത്ത ഇടം കെട്ടത്" എന്ന് മുൻപ് നിങ്ങളോട് പറഞ്ഞു. എന്താണ് ഈ സാധുക്കൾ ? ഈ പറഞ്ഞ സന്ന്യാസിമാരാണ്, സത്തുക്കളാണ്. അവരിൽ ഒന്നും കാണുകയില്ല. അവർ ഒന്നും കരുതി ജീവിച്ചവരല്ല. അവർക്ക് വേണ്ടി നിങ്ങൾ എന്തു ചെയ്താലും അധികമല്ല. പക്ഷെ ഈ പണവും ബുദ്ധിയും വിദ്യയും കൊണ്ട് ആളുകളെ ഊട്ടി തീറ്റിപ്പോറ്റി നശിപ്പിക്കുന്ന കർമം അല്ല സന്ന്യാസം. സന്ന്യാസമെന്നു പറഞ്ഞാൽ അങ്ങനെയുള്ളതല്ല. എന്താണ്, തികച്ചും ധന്യൻ എന്നാണ്. അതാണ് നിങ്ങൾ മനസിലാക്കേണ്ടത്. വിദ്യയും ധനവും പ്രഭുത്വവും എല്ലാം അവനിരിക്കുന്ന സ്ഥാനത്ത് എത്തും. ഇതാണ് സന്ന്യാസം. അവന് ഇതൊന്നും വേണ്ടായെന്ന് പറയാനല്ല. ഇതെല്ലാം വേണം. നിങ്ങൾ എങ്ങനെ സൂക്ഷിക്കും? ഇതാണ് നിങ്ങൾ സൂക്ഷിക്കേണ്ടത്. നിങ്ങൾ എന്തിനെക്കൊണ്ട് സൂക്ഷിക്കും? നിങ്ങളുടെ ഭാര്യയെയും മക്കളെയും ധനത്തെയും പ്രഭുത്വത്തെയും വിദ്യയെയും സൂക്ഷിക്കാൻ നിങ്ങൾ എന്ത് എടുത്തുവച്ച് തടയും? ഈ അറിവില്ല. ഈ വിനയമില്ലാത്ത പ്രവൃത്തിയുടെ കർമദോഷം ഏറ്റെടുക്കാൻ നിങ്ങൾ തുടങ്ങുന്നത് എന്തിനാണെന്ന് അറിയില്ല. ദയവുചെയ്ത് ഇത്രയും വാക്കെങ്കിലും, നിങ്ങൾ എന്നെ പരിചയമില്ലാത്തവർ മനസിൽ വച്ചോളൂ. പരിചയമുള്ളവർ എടുക്കാത്തവരാണ്. അവർ പോട്ടെ. അപ്പോൾ ഇത് നിങ്ങൾക്ക് മനസിലായിട്ട് എന്തിനാണ് നിങ്ങൾ ലോകജീവിതത്തോട് ബന്ധപ്പെട്ട് കർമമെടുക്കാൻ ഏറ്റിരിക്കുന്നത് എന്നുകൂടി ധരിക്കണം. അല്ലെങ്കിൽ നിങ്ങൾ അവിടെയും ഇവിടെയും നടന്ന് സമയം കളഞ്ഞിട്ട് ഒരു കാര്യവും ഇല്ല. ഇത് എന്താണ് പറയാൻ കാരണം? നിങ്ങളുടെയും എന്റെയും പൂർവികൻമാർ ധരിച്ചു വളർന്നുവന്ന ആ പരാജയബോധം എവിടെയെങ്കിലും തള്ളിക്കളയാൻ ഒക്കില്ല. ഇത് നമ്മൾ ഏറ്റെടുത്ത്, ധർമവും കർമവും ഏറ്റെടുത്തിട്ട്, പുണ്യത്തിന്റെ അവകാശികളാകുന്ന മക്കളെ നമുക്ക് സംഭാവന ചെയ്യാനാണ്. ഇത് നിങ്ങളുടെ ജീവിതംകൊണ്ടേ ഒക്കൂ. സന്ന്യാസിയിൽക്കൂടി വരാനൊക്കില്ല. അപ്പോൾ ഇതാണ് കർമി. ആ കർമം സ്വീകരിക്കുന്ന നിങ്ങൾ ധർമം അനുസരിക്കുകയുമില്ല, പുണ്യം വാങ്ങുകയും ഇല്ലായെന്നുള്ള നിർബന്ധബുദ്ധിയിൽ കോലാഹലങ്ങൾ സൃഷ്ടിച്ചുകൊണ്ട് നടക്കുന്നു.

## വചനദീപ്തി

സത്യമെന്നത് വെറുമൊരു വാക്കല്ല.
ജീവിതം മുഴുവൻ സത്യമായിത്തീരണം

**ഗാന്ധിജി**

## സ്പിരിച്ച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2016 ഒക്ടോബർ 2 മുതൽ 8 വരെ*

**ഞായർ** – **ശാന്തിപുരം**
**തിങ്കൾ** – **കരുണപുരം**
**ചൊവ്വ** – **ശാന്തിഗിരി ജംഗ്ഷൻ**
**ബുധൻ** – **ലക്ഷ്മിപുരം**
**വ്യാഴം** – **ആനന്ദപുരം**
**വെള്ളി** – **ജനസേവികപുരം**
**ശനി** – **രത്നഗിരി**

## യാമപ്രാർത്ഥന

*2016 ഒക്ടോബർ 6 വ്യാഴം*

**ആനന്ദപുരം, പോത്തൻകോട്, പാലോട്ടുകോണം**

## പൗർണമി

*2016 ഒക്ടോബർ 15 ശനി*

# ഒരു നല്ല ഗൃഹസ്ഥാശ്രമി ഉണ്ടെങ്കിലേ ഒരു നല്ല സന്ന്യാസി ഉണ്ടാകൂ

ഒരിക്കലും ഗുരു പറയില്ല നീ സന്ന്യസിക്കൂ എന്ന്. എന്നോട് ഗുരു പറഞ്ഞിട്ടുമില്ല. ഈ നില്ക്കുന്ന വ്യക്തികളെ മൊത്തം ഇന്നുവരെ ഈ ആശ്രമത്തിൽ കഴിയുന്ന സന്ന്യാസിയെന്നോ മറ്റേതെന്നോ ആകട്ടെ എല്ലാ കാര്യവും ഗുരു നോക്കിക്കുമ്പോഴും അവരുടെ തെറ്റുകുറ്റങ്ങളെക്കുറിച്ചും അവരുടെ ജീവന്റെ പരിവർത്തനശേഷിയെക്കുറിച്ചുപോലും ഗുരു ഇന്നും ഇന്നലെയും നാളെയും എന്നു പറയുന്ന ഭാഗത്ത് എഴുതിവച്ചപ്പോൾ പോലും, ഗുരു നീ സന്ന്യസിക്ക് എന്ന് എന്നോടു പറഞ്ഞിട്ടില്ല. കാരണം 'നിനക്കതറിയാമെങ്കിൽ നീയത് ചെയ്തോ' എന്നേയുള്ളൂ. അങ്ങനെ അറിഞ്ഞ് പെരുമാറാനും അറിഞ്ഞ് എടുക്കാനും ഉള്ള പരിചയവശം തന്നെ, ജീവന്റെ സുകൃതവശം കൊണ്ട് ഒന്നുകിൽ നേടിയിരിക്കണം. അല്ലെങ്കിൽ ഗുരുവിനോട് പറ്റിനിന്ന് അത് സമ്പാദിച്ചിരിക്കണം. ഈ രക്ഷകർത്താക്കൾ എന്നു പറയുന്ന അവകാശപ്പെട്ടവരും അവകാശപ്പെടാൻ ഇരിക്കുന്നവരുമായിരിക്കുന്നവർ ഇങ്ങനെ ഒരു സന്ന്യാസജീവിതത്തിലേക്ക് ഒരു കുട്ടിയെ വിടുമ്പോൾ, ഞാൻ എങ്ങനെയിരിക്കണം, എന്റെ വീട് എങ്ങനെ ഇരിക്കണം എന്ന് ചിന്തിക്കണം. തിരിച്ച് ഈ സന്ന്യാസിയും ചിന്തിക്കണം. കാരണം പരസ്പരപൂരകമായിട്ടുള്ള ഒരു ജീവിതത്തിന്റെ പോക്കാണ്.

ഒരു നല്ല ഗൃഹസ്ഥാശ്രമി ഉണ്ടെങ്കിലേ ഒരു നല്ല സന്ന്യാസി ഉണ്ടാകൂ. അത് വേറൊരു വശം. ജന്മാന്തരത്തിന്റെ പുണ്യവശംകൊണ്ട് ജന്മം അങ്ങനെ അനുഭവിച്ചുതീർക്കേണ്ടതാണെങ്കിലും വരും. അതാണ് ഗുരു പറയുന്നത് ആയിരം പേർക്ക് ആയിരം സ്വഭാവമെന്ന്. ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ ഒരു ഗുരുശിഷ്യബന്ധംകൊണ്ട് നാം മനസിലാക്കിയിട്ട് നമ്മുടെ ആശ്രമം എന്താണെന്നും ഗുരു എന്താണെന്നും ഗുരുശിഷ്യബന്ധം എന്താണെന്നും അല്ലെങ്കിൽ ഇതെന്താണ്, എങ്ങനെയാണ് എന്നും മനസിലാക്കിയിട്ട് നമ്മൾ ഒരു വലിയ കർമശേഷിയുടെ ഉടമസ്ഥരാണ്. എന്റെ കുട്ടി ഒന്നു സന്ന്യസിക്കാൻ അല്ലെങ്കിൽ നല്ല ജീവിതം നയിച്ചതു പറയുന്നതു കേൾക്കാൻ എനിക്ക് എന്തൊരു ഉത്സാഹമാണ്. അല്ലെങ്കിൽ എന്റെ വീട്ടിൽ നിന്ന് ഒരാൾ സന്ന്യസിച്ചു എന്നു പറയുന്നതിന്റെ അഭിമാനവും മറ്റുവശങ്ങളെക്കുറിച്ച് ചിന്തിക്കുന്ന അഭിമാനവും രണ്ടും രണ്ടു തന്നെയാണ്.

നമ്മുടെ മാതൃത്വത്തിന്റെയും പിതൃത്വത്തിന്റെയും സ്വഭാവത്തിൽ നോക്കുമ്പോൾ തിര്യക്കുകളായിട്ടോ വേറെ ഏതെങ്കിലും ഭാഗത്ത് ശിഖി എന്നു പറയുന്ന ഭാഗത്തോ അല്ലെങ്കിൽ വേറെ ഏതെങ്കിലുമൊരു സ്വഭാവത്തിൽ ഈ ജീവൻ ആർജിതമായിരിക്കുന്ന കർമത്തിന്റെയും ധർമത്തിന്റെയും അല്ലെങ്കിൽ ജീവന്റെ പരിവർത്തനശേഷിയിൽ ചെന്നെത്തി നിന്നിട്ട് ജനിക്കുന്ന നക്ഷത്രഗണത്തിന്റെ ഭാഗം നാം ഓർമിക്കണം. ഏതു നക്ഷത്രഗണത്തിൽ ഞാൻ ജനിച്ചു. മനുഷ്യഗണത്തിലോ അല്ലെങ്കിൽ ഏതെങ്കിലും പക്ഷിമൃഗാദികളുടെ അല്ലെങ്കിൽ ഏതെങ്കിലും സ്ഥാവരജംഗമവസ്തുക്കളുടെ സ്വഭാവത്തിലോ അല്ലെങ്കിൽ അചേതനമായിരിക്കുന്നതോ സചേതനമായിരിക്കുന്നതോ ആയ കാര്യങ്ങളിലാണോ എന്നു നാം ഒന്നുകൂടി മനസുവെച്ച് ഓർത്തിട്ട് ഭക്തിയിൽ മനസ് ഊന്നി പ്രവർത്തിക്കുകയും ആ ഭക്തന് എല്ലാം കിട്ടുന്ന വഴിയിലേക്ക് നാം പോകുകയും വേണം. ഇങ്ങനെയാണ് ഒരാശ്രമജീവിതത്തെക്കൊണ്ട് പൂർത്തീകരിക്കുന്നത്.

*(അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണങ്ങളടങ്ങിയ ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ എന്ന ഗ്രന്ഥത്തിൽ നിന്നും എടുത്തത്)*

## എൻ.എസ്.എസ്. ദിനാഘോഷം നടന്നു

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കൻഡറി സ്കൂളിലെ എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ എൻ.എസ്.എസ്. ദിനം ആഘോഷിച്ചു. സെപ്റ്റംബർ 25 ന് യൂണിറ്റംഗങ്ങളുടെ നേതൃത്വത്തിൽ ജനസേവികപുരം 'താലോലം' സ്പെഷ്യൽ സ്കൂൾ പരിസരം ശുചീകരണം നടത്തുകയും കുട്ടികളുമായി സംവദിക്കുകയും ചെയ്തു. സാന്ത്വനസ്പർശം എന്നു പേരിട്ട പരിപാടികൾ മാണിക്കൽ ഗ്രാമപഞ്ചായത്തംഗം എസ്. സുധർമണി ഉദ്ഘാടനം ചെയ്തു.




*ശാന്തിഗിരി വിദ്യാഭവൻ എൻ.എസ്.എസ് യൂണിറ്റ് ജനസേവികപുരത്ത് നടത്തിയ ശുചീകരണം*



*ഗുരുവിന്റെ നവതി ആഘോഷങ്ങളുടെ ഭാഗമായി ലണ്ടനിൽ നടത്തിയ അന്നദാനം*

# വിശേഷങ്ങളിൽ സവിശേഷം സന്ന്യാസദീക്ഷ

**സുരേഷ് കൃഷ്ണൻ**

ഉത്തമശിഷ്യനെ വാർത്തെടുക്കുന്ന ഗുരുകുല സമ്പ്രദായത്തിന്റെ കഥ പൗരാണികമാണ്. ശ്രീകൃഷ്ണ പരമാത്മാവിന്റെ ഗുരുവായ സാന്ദീപനി മഹർഷിയിൽ നിന്നും അതാരംഭിച്ചു. സമചിത്തതയുള്ള ശിഷ്യരെ വാർത്തെടുക്കുക സന്ന്യാസത്തിന്റെ ശ്രമകരമായ ദൗത്യമാണ്.

അജ്ഞാനത്തിന്റെ മൂർത്തിമദ്ഭാവമായിരുന്ന മഹിഷാസുരനെ കൊന്ന് ജ്ഞാനശക്തിയെ സംസ്ഥാപനം ചെയ്ത ദിനം ഗുരുകുലങ്ങളിൽ സവിശേഷമായി സ്വീകരിക്കപ്പെട്ടിരുന്നു. ഈ പാരമ്പര്യത്തിൽ നിന്നാകണം വിജയദശമി ആരംഭിക്കുന്നത്.

യഥാർത്ഥത്തിൽ, ഗുരുക്കന്മാർ ശിഷ്യരിലെ സ്വത്വബോധത്തെ ഉണർത്തി ആത്മജ്ഞാനം പകർന്നു നല്കുന്ന പൂർണതയാണ് വിജയദശമി ദിനം. ആശ്വിന മാസത്തിലെ (ഒക്ടോബർ) സരസ്വതിപൂജ ദേവതാപൂജയല്ല. ആത്മപൂജയും ആത്മസമർപ്പണവുമാണ്. ശിഷ്യന്റെ ഹൃദയാകാശത്തിലെ ഇരുട്ടിനെ അകറ്റി ഗുരു പ്രകാശം പരത്തുന്ന പൂജിതകർമ്മം.

> "അശ്വിനസ്യ സിതേ പക്ഷേ
> ദശമ്യാം താരകോദയേ
> സകാലേ വിജയോജ്ഞേയാ
> സർവകാര്യാർത്ഥ സിദ്ധയേ"

എന്നാണു പ്രമാണം.

വിദ്യാരംഭമടക്കം സമസ്ത ശുഭകർമ്മങ്ങൾക്കും പറ്റിയ പുണ്യനാളാണ് വിജയദശമി എന്നർത്ഥം. വിദ്യാരംഭം അക്ഷരജ്ഞാനത്തിന്റെ തുടക്കമല്ല, ആത്മജ്ഞാനത്തിന്റെ, അറിവിന്റെ ഉള്ളറ തുറക്കുന്ന തുടക്കമാണ്.

അതുകൊണ്ടാവണം വിജയദശമി ദിനം ശിഷ്യർക്ക് സന്ന്യാസദീക്ഷ നല്കാൻ ഗുരു തെരഞ്ഞെടുത്തതും. 1984 ലെ വിജയദശമി ദിനം അങ്ങനെ ശാന്തിഗിരിയുടെ ചരിത്രത്തിലെ നാഴികക്കല്ലായി മാറി. ശൂദ്രന് വേദാധികാരം അപ്രാപ്യമാണെന്ന പൗരാണിക വിശ്വാസം അതോടെ പഴങ്കഥയായി മാറുകയും ചെയ്തു.

സന്ന്യാസത്തിന് പഠിപ്പോ പാണ്ഡിത്യമോ ധനമോ പ്രഭുത്വമോ ശാരീരികക്ഷമതയോ വേദമന്ത്രപരിജ്ഞാനമോ താന്ത്രികജ്ഞാനമോ ഗുരു മാനദണ്ഡമാക്കിയില്ല. ദൈവത്തിന്റെ കനിവ് സമസ്ത ജീവജാലങ്ങളിലേക്കും പകരുവാൻ ജാതിയോ മതമോ വർഗമോ ഗോത്രമോ തടസമാകരുതെന്ന് ഗുരു ആഗ്രഹിച്ചു. ബ്രഹ്മേച്ഛയുടെ പൂർത്തീകരണം സാധാരണക്കാരായ ശിഷ്യർക്ക് സന്ന്യാസം നല്കിക്കൊണ്ട് ഗുരു പ്രാവർത്തികമാക്കി. ശൂദ്രനെ ബ്രഹ്മജ്ഞാനത്തിന്റെ അധികാരിയാക്കിക്കൊണ്ട് ഒരു പരിവർത്തനമതമാണ് ഗുരു ആഗ്രഹിച്ചത്. ഒപ്പം കലിയുഗധർമ്മത്തിന്റെ സംസ്ഥാപനവും.

ഗുരുവിന്റെ വാക്ക് തെറ്റിക്കാതെ അനുസരിച്ചുപോകുന്ന സന്ന്യാസശിഷ്യസമ്പത്താണ് ശാന്തിഗിരിയുടെ ആണിക്കല്ല് എന്ന് ഗുരുപരമ്പരയെ ഓർമിപ്പിക്കുന്ന സുദിനം കൂടിയാണ് സന്ന്യാസദീക്ഷാദിനം. തന്റെ കുലവും ഗോത്രവും കുടുംബവും സ്വത്വവും സുഖഭോഗങ്ങളും പരിത്യജിച്ച് ഗുരുധർമ്മസംസ്ഥാപനത്തിനായി ഇറങ്ങിത്തിരിച്ച സന്ന്യാസി ശിഷ്യരെ നോക്കാൻ ഗുരു ഏല്പിച്ചിരിക്കുന്നത് പരമ്പരയെത്തന്നെയാണ്. അതുകൊണ്ടുതന്നെ ശാന്തിഗിരിയിലെ ആഘോഷങ്ങളിൽ ഏറ്റവും മാറ്റുകൂടിയ ഒന്നാണ് സന്ന്യാസദീക്ഷാ വാർഷികം. പരമ്പരയെ കെട്ടിപ്പടുക്കാൻ ഗുരു നിശ്ചയിച്ച സന്ന്യാസശിഷ്യരുടെ ക്ഷേമവും സംരക്ഷണവും വിശ്വാസിസമൂഹം ഏറ്റെടുക്കേണ്ട ദിനമെന്ന നിലയിലും ആത്മജ്ഞാനത്തിന്റെ വെളിച്ചം ഗുരുപരമ്പരയ്ക്ക് ഒന്നാകെ ലഭ്യമാകുന്ന സുദിനമെന്ന നിലയിലും വിജയദശമി നാളിലെ സന്ന്യാസദീക്ഷാ വാർഷികത്തിന് വലിയ പ്രാധാന്യമുണ്ട്.

ഗുരുപത്മപാദസേവകരായി നിയുക്തരായ നൂറുകണക്കിന് സന്ന്യാസിസന്ന്യാസിനിമാരോടും ബ്രഹ്മചാരിബ്രഹ്മചാരിണിമാരോടും ഈ പരമ്പരയുടെ കടമകൾ നിർവഹിക്കാനുള്ള അവസരമാണ് ദീക്ഷാദിനം. ഈ ദിവസം അച്ഛനമ്മമാർ കുഞ്ഞുങ്ങളോടൊപ്പം ആശ്രമത്തിലെത്തണം. സന്ന്യാസസഭയ്ക്കു വേണ്ടിയുള്ള പ്രാർത്ഥനകളിൽ പങ്കെടുക്കണം. അവർക്കാവശ്യമായ പുതിയ വസ്ത്രങ്ങളോ നിത്യോപയോഗ വസ്തുക്കളോ സമർപ്പിക്കണം. ആദരണീയ സന്ന്യാസസംഘത്തിന് ഭക്ഷണം വിളമ്പി നല്കാനും അവസരമുണ്ട്. ഒരു യാമസന്ധ്യയെങ്കിലും സഹകരണമന്ദിരത്തിലിരുന്ന് വിദ്യാലാഭത്തിനും വിജയത്തിനുമായി സങ്കല്പിക്കണം. 'ഗുരുചരണം ശരണം' എന്ന ആദ്യാക്ഷരം ഗുരുമുഖത്തിരുന്ന് എഴുതണം. അക്ഷരജ്ഞാനത്തിന്റെയും ആത്മജ്ഞാനത്തിന്റെയും പടികടക്കാൻ പരമ്പരയിലെ കുഞ്ഞുങ്ങൾക്ക് ഇതിൽപ്പരം സരസ്വതീഘട്ടം വേറൊന്നില്ല.

ഗുരുവിന്റെ നവതി വർഷത്തിൽ മുപ്പത്തിരണ്ടാമത് സന്ന്യാസദീക്ഷാ വാർഷികത്തിന് ആശ്രമം ഒരുങ്ങുകയാണ്. നമ്മുടെ ആഘോഷങ്ങളിൽ സവിശേഷമാണ് സന്ന്യാസദീക്ഷാ ദിനം. വിജയദശമിദിനത്തിൽ ഭാരതത്തിലെ ഏറ്റവും വലിയ സരസ്വതീഘട്ടമായി ശാന്തിഗിരി മാറും.

ഗുരുചരണം ശരണം എന്ന ഹരിശ്രീ കുറിക്കാൻ ഭാരതം ശാന്തിഗിരിയിലേക്ക് ഒഴുകുമ്പോൾ ശാന്തിഗിരി പരമ്പരയിലെ മക്കൾ ആ മാഹാത്മ്യം അറിയാതെ പോകരുത്.




*നവതി ആഘോഷത്തിന്റെ ഭാഗമായി എസ്.ആർ.എഫിന്റെ ആഭിമുഖ്യത്തിൽ ഷില്ലോംഗിൽ നടത്തിയ ദേശീയ സെമിനാറിൽ ഡോ. കെ. ഗോപിനാഥൻ പിള്ള സംസാരിക്കുന്നു*

# വിജ്ഞാനകൗതുകം പകർന്ന് 'അന്നം ഔഷധം' ക്ലാസ്

**സ്പിരിച്വൽ സോൺ:** പ്രമുഖ പ്രകൃതിഭക്ഷണ പ്രചാരകനായ ഡോ. സജീവ് കുമാർ പൊന്നാനി നടത്തിയ ക്ലാസ് ഭക്ഷണകാര്യങ്ങളെപ്പറ്റി ആത്മബന്ധുക്കൾക്ക് പുതിയ അറിവ് പകരുന്നതായി. സെപ്റ്റംബർ 26 ന് വൈകുന്നേരം സ്പിരിച്വൽ സോൺ കോൺഫ്രൻസ് ഹാളിൽ നടന്ന ചടങ്ങിൽ, ഉപയോഗശൂന്യമെന്ന് കരുതി നാം വലിച്ചെറിയുന്ന കളകളും നാടൻ സസ്യങ്ങളും ഉപയോഗിച്ച് ഉണ്ടാക്കുന്ന ആരോഗ്യപ്രദവും രുചികരവുമായ ഭക്ഷണപദാർത്ഥങ്ങളെകുറിച്ച് അദ്ദേഹം വിവരിച്ചത് കൗതുകകരമായി.

പ്ലാവിലത്തോരൻ, നെല്ലി മുരിങ്ങ ചമ്മന്തിപ്പൊടി, പനച്ചിയില ചമ്മന്തി, പാവയ്ക്കയില ഇഞ്ചിത്തൈര്, മഷിത്തണ്ട് സാലഡ്, ചൊറിയണ കിഴങ്ങ് സ്റ്റൂ, കാട്ടുചീര കടലക്കറി, വള്ളിച്ചീര മസാല, ചേമ്പില പുളിക്കറി, ചേമ്പിൻതണ്ട് അവിയൽ, പ്ലാക്കാടിയില പരിപ്പുകറി, ചൊറിയണ ഫ്രൈ തുടങ്ങിയ വിഭവങ്ങളെക്കുറിച്ചുള്ള അറിവ് പലർക്കും പുതിയതായിരുന്നു. ക്ലാസിൽ ശാന്തിഗിരി മാതൃമണ്ഡലത്തിന്റെയും ഗുരുമഹിമയുടെയും പ്രവർത്തകരും നൂറോളം ആത്മബന്ധുക്കളും പങ്കെടുത്തു. സെമിനാറിന് ശേഷം ഡോ. സജീവിനെ ആദരണീയ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, ഡോ. റ്റി.എസ്. സോമനാഥൻ, ഡോ. കെ.എൻ. വിശ്വംഭരൻ എന്നിവർ ചേർന്ന് ആദരിച്ചു. ആശ്രമത്തിന്റെ ഉപഹാരവും സമ്മാനിച്ചു. സെപ്റ്റംബർ 26 ന് ഉച്ചയ്ക്ക് സംസ്ഥാന നിയമസഭാ സാമാജികർക്കുവേണ്ടി തയ്യാറാക്കിയ, പ്രകൃതിഭക്ഷണങ്ങളടങ്ങിയ സദ്യയുടെ വിഭവങ്ങൾ, ഡോ. സജീവ് കുമാറിന്റെയും സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വിയുടെയും നേതൃത്വത്തിൽ, ആശ്രമം അടുക്കളയിൽ നിന്നാണ് തയാറാക്കിയത്.



*നിയമസഭാ സാമാജികർക്കുവേണ്ടി പ്രകൃതിഭക്ഷണം തയ്യാറാക്കിയ സംഘം ആദരണീയ സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വിക്കൊപ്പം*

# ദിവംഗതരായി



*എസ്.കെ.സുരേന്ദ്രൻ നായർ*

**പള്ളിച്ചൽ:** ശ്രീനിലയത്തിൽ എസ്.കെ.സുരേന്ദ്രൻനായർ(67) സെപ്റ്റംബർ 17 ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ: പ്രസന്ന. മക്കൾ: ശ്രീലേഖ പി. എസ്. (ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ്) ശ്രീകല പി. എസ്. മരുമക്കൾ: കൃഷ്ണകുമാർ സി. (മോഹനം ഒപ്റ്റിക്കൽസ്), ഗോപകുമാർ കെ.എസ്.



*രാജൻ വി.ജി.*

**പത്തനംതിട്ട:** സീതത്തോട് കോട്ടമൺപാറ വലിയകാലായിൽ രാജൻ വി.ജി. (61) സെപ്റ്റംബർ 18 ന് ദിവംഗതനായി. സംസ്കാരം നടന്നു. ഭാര്യ: ദിവംഗതയായ വിജയകുമാരി. മക്കൾ: രാജി രാജൻ (വിദ്യാഭവൻ സ്റ്റോർ), വിജി രാജൻ. മരുമക്കൾ: ബിജു കെ.എസ്. (എസ്.എച്ച്.ആർ.ഒ.), രാജീവ് എൻ.ആർ.



*സജു എസ്.*

**തിരുവനന്തപുരം:** ശാന്തിഗിരി ആയുർവേദ-സിദ്ധ വൈദ്യശാലയിൽ സേവനം ചെയ്തിരുന്ന തിരുവനന്തപുരം കാവല്ലൂർ സജു നിവാസിൽ സജു എസ് (53) സെപ്റ്റംബർ 24 ന് ദിവംഗതനായി.

സംസ്കാരം നടന്നു. അവിവാഹിതനാണ്. അച്ഛൻ: സത്യദാസ്. അമ്മ: അംബിക

# പി.എസ്. ആനന്ദറാമിന് ആശ്രമത്തിന്റെ സ്നേഹാദരം

**സ്പിരിചൽ സോൺ:** ശാന്തിഗിരി ആശ്രമം അഡ്വൈസറി കമ്മിറ്റി സീനിയർ ജനറൽ കൺവീനറും ബാംഗ്ലൂർ മഹാനഗരത്തിലെ ആശ്രമപ്രവർത്തനങ്ങളുടെ മുഖ്യചുമതലക്കാരനുമായ പി.എസ്. ആനന്ദറാമിന്റെ സപ്തതി സെപ്റ്റംബർ 26, തിങ്കളാഴ്ച ആശ്രമത്തിൽ വച്ച് നടന്നു. സ്പിരിചൽ സോൺ കോൺഫ്രൻസ് ഹാളിൽ വൈകുന്നേരം ഏഴരയ്ക്ക് നടന്ന അനുമോദന ചടങ്ങിൽ ശാന്തിഗിരി ആശ്രമം പ്രസിഡന്റ് സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി എന്നിവർ ചേർന്ന് അദ്ദേഹത്തെ പൊന്നാട അണിയിച്ചു. ഗുരുധർമ്മപ്രകാശസഭയിലെ മുതിർന്ന അംഗങ്ങളും ആത്മബന്ധുക്കളും സംബന്ധിച്ചു.

നാലുപതിറ്റാണ്ടായി ആശ്രമത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും മുന്നിൽ നില്ക്കുന്ന പി.എസ്. ആനന്ദറാം ഒരു ഉത്തമ ഗൃഹസ്ഥാശ്രമി എങ്ങനെയായിരിക്കണം എന്നുള്ളതിന് മാതൃകയാണെന്ന് ആശംസാപ്രസംഗം നടത്തിയ സന്ന്യാസിമാരും ആത്മബന്ധുക്കളും ചൂണ്ടിക്കാട്ടി. ആശ്രമത്തോട് വളരെ അടുപ്പം പുലർത്തിയിരുന്ന അദ്ദേഹത്തിന്റെ ദിവംഗതയായ മാതാവിനെയും മിക്കവരും പ്രസംഗത്തിൽ അനുസ്മരിച്ചു.

സ്വാമി ജനനന്മ ജ്ഞാനതപസ്വി, സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, കെ. സതീശൻ, ഡോ. റ്റി.എസ്. സോമനാഥൻ, ഡോ. കെ.എൻ. ശ്യാംപ്രസാദ്, ഡോ. എസ്.എസ്. ഉണ്ണി, ജി. ജനാർദ്ദനമേനോൻ, ഡി.എം. കിഷോർ, ഡോ. കെ.എൻ. വിശ്വംഭരൻ, പ്രൊഫ. ഡോ.കെ.ജി. നാരായണപിള്ള, ഡോ. കെ.ആർ.എസ്. നായർ, റ്റി. ശശിമോഹൻ, മോഹൻകുമാർ എഫ്.സി.എ., എസ്. ശ്യാംകുമാർ തുടങ്ങിയവർ സംസാരിച്ചു. സ്വാമി ചന്ദ്രദീപ്തൻ ജ്ഞാനതപസ്വി മംഗളപത്രം സമർപ്പിച്ചു. ശശി ഡാനിയേൽ മംഗളഗാനം ആലപിച്ചു.

മറുപടി പ്രസംഗം നടത്തിയ പി.എസ്. ആനന്ദറാം നാല് പതിറ്റാണ്ടുമുമ്പ് ഗുരുവിനടുത്തെത്തിയതു മുതലുള്ള തന്റെ ജീവിതാനുഭവങ്ങളും ഗുരുവും ശിഷ്യപൂജിതയും ആത്മബന്ധുക്കളും ഇന്നോളം തന്നോട് കാണിച്ചിട്ടുള്ള സ്നേഹാദരങ്ങളും പങ്കുവച്ചു. തന്റെ ഏകമകൾ (സർവാദരണീയ ജനനി ഋഷിരത്ന ജ്ഞാനതപസ്വിനി) സന്ന്യാസപാത തെരഞ്ഞെടുത്ത് ആശ്രമത്തിലേക്കെത്തിയ സംഭവവും അദ്ദേഹം വിവരിച്ചു. സ്നേഹവിരുന്നും ഒരുക്കിയിരുന്നു.



*പി.എസ് ആനന്ദറാമിന് ആശ്രമത്തിന്റെ സ്നേഹോപഹാരം സമ്മാനിക്കുന്നു*


*സ്നേഹപുരത്ത് ജി.ക്ഷേമചന്ദ്രൻ നിർമ്മിച്ച 'ശാന്തിമന്ദിരം' ഭവനം*


*സ്നേഹപുരത്ത് രവി.ആർ നിർമ്മിച്ച 'ശാന്തിവിലാസം' ഭവനം*

## കേരളത്തിൽ വിദേശനിക്ഷേപം കൊണ്ടുവരുന്നതിന് പ്രവാസികൾ മുൻകൈയെടുക്കണം: മുഖ്യമന്ത്രി



*ബഹ്റൈൻ കേരളാ ഫ്രണ്ട്ഷിപ്പ് സമ്മിറ്റ് 2016 തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു*

**തിരുവനന്തപുരം:** സംസ്ഥാനത്തിന്റെ വികസനത്തിനായി വിദേശനിക്ഷേപം കൊണ്ടുവരുന്നതിന് പ്രവാസി മലയാളികൾ മുൻകൈയെടുക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ബഹറിൻ റിട്ടേണീസ് ആന്റ് റെസിഡന്റ്സ് അസോസിയേഷൻ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ബഹ്റിൻ – കേരളാ ഫ്രണ്ട്ഷിപ്പ് സമ്മിറ്റ് 2016 'രാജ്യാന്തര സൗഹൃദ സംഗമം' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

നിലവിൽ ഒരു ലക്ഷത്തോളം കോടി രൂപയാണ് പ്രവാസികൾ കേരളത്തിലേക്ക് അയക്കുന്നത്. വിദ്യാഭ്യാസ–ആരോഗ്യമേഖലകൾക്ക് പുറമെ ആകർഷകമായ മറ്റു രംഗങ്ങളിലേക്കും പ്രവാസികൾ നിക്ഷേപം നടത്തണം. ഗൾഫിൽ നിന്ന് തൊഴിൽ നഷ്ടപ്പെട്ട് വരുന്ന പ്രവാസികളെ സർക്കാർ കഴിയുംവിധത്തിൽ സഹായിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. തൊഴിൽരംഗത്ത് പുലർത്തുന്ന വിശ്വാസ്യതയും കാര്യക്ഷമതയുമാണ് ഗൾഫിൽ മലയാളികളെ പ്രിയപ്പെട്ടവരാക്കുന്നത്. കേരളവുമായി പണ്ടു മുതലേ സുദൃഢബന്ധം കാത്തുസൂക്ഷിക്കുന്ന രാജ്യവും രാജകുടുംബവുമാണ് ബഹറിനിലേത്. മനാമയിലെ 200 വർഷം പഴക്കമുള്ള ക്ഷേത്രം ആ രാജ്യത്തിന്റെ സഹിഷ്ണുതയും സമഭാവനയും വെളിപ്പെടുത്തുന്നതാണെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത ബഹറിൻ ക്രൗൺ പ്രിൻസിന്റെ കോർട്ട് പ്രസിഡന്റ് ഷെയ്ഖ് ഖലീഫാ ബിൻ ദൈജ് അൽ ഖലീഫയ്ക്ക് പ്രഥമ ബഹ്റിൻ –കേരളാ ഫ്രണ്ട്ഷിപ്പ് അവാർഡ് മുഖ്യമന്ത്രി സമ്മാനിച്ചു.

ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, ഷെയ്ഖ് ഖലീഫ ദൈജ് ബിൻ അൽ ഖലീഫ, ഡോ. ശശി തരൂർ എംപി, കേരളാ പ്രവാസി ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി കെ. ഇ. ഇസ്മായിൽ, പ്രമുഖ വ്യവസായികളായ ഡോ. വർഗീസ് കുര്യൻ, രവി പിള്ള, രാജശേഖരൻ പിള്ള, ബെഹ്റിൻ മാധ്യമപ്രവർത്തകൻ സോമൻ ബേബി തുടങ്ങിയവർ പങ്കെടുത്തു.

ഗുരുചരണം ശരണം

## പ്രാർത്ഥനയോടെ
## ശിവരാജൻ പി.ബി.

### ജന്മദിനാശംസകൾ


*ഉത്തരദത്ത് വി.എസ്*
*പോത്തൻകോട്*


Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala